DIOCESE OF IRINJALAKUDA
Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : ijkbph@gmail.com

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളെ,

Date : ..................................

രൂപത കാര്യാലയത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ നേരുന്നു. കൊറോണ വൈറസിന്റെ ഭീതിയും, ലോക്ഡൗണിന്റെ ഒറ്റപ്പെടലും അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ ദൈവജനത്തെ ദൈവാശ്രയത്തിലും പ്രത്യാശയിലും നിലനിർത്തുവാൻ നിങ്ങൾ ചെയ്യുന്ന പരിശ്രമങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ ഇടവകകളിൽ പരിമിതമായ സാഹചര്യത്തിൽ വിവാഹം നടത്തുവാൻ ചിലരെല്ലാം ആവശ്യപ്പെടുന്നുണ്ടല്ലോ. അവരോടു നമുക്ക് അനുഭാവപൂർവ്വം പെരുമാറാം. വിവാഹത്തിനും മനസമ്മതത്തിനും ആവശ്യമായിട്ടുള്ള അനുവാദം ആ പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ നിന്നും കക്ഷികൾ വാങ്ങിച്ചിരിക്കണം. പോലീസിന്റെ നിർദ്ദേശമനുസരിച്ചു മാത്രമേ വിവാഹ ആഘോഷത്തിൽ ജനപങ്കാളിത്തമുണ്ടാകാവൂ. വിളിച്ചുചൊല്ലൽ ഇപ്പോൾ സാധ്യമല്ലാത്തതിനാൽ അവ ഒഴിവാക്കുവാനുള്ള അനുവാദം ലഭിക്കുന്നതിനുവേണ്ടി രൂപത കാര്യാലയത്തിലേക്കു Email വഴി വികാരിയച്ചന്റെ ശുപാർശയോടുകൂടെ അപേക്ഷിക്കേണ്ടതാണ്. അപേക്ഷ Email വഴി അയച്ചിട്ടുള്ള വിവരം ഫോണിലൂടെ രൂപതാദ്ധ്യക്ഷനെയോ ജനറാളച്ചന്മാരെയോ ചാൻസലർ അച്ചനെയോ അറിയിക്കേണ്ടതാണ്. വിളിച്ചുചൊല്ലൽ ഒഴിവാക്കിക്കൊണ്ടുള്ള അനുവാദം Email വഴി അറിയിക്കുന്നതായിരിക്കും. പ്രീകാന കോഴ്സ് കൂടിയിട്ടില്ലെങ്കിൽ അനുകൂലമായ സാഹചര്യത്തിൽ ഈ കോഴ്സ് പുനഃസ്ഥാപിക്കപ്പെടുമ്പോൾ കൂടാമെന്നുള്ള വാഗ്ദാനത്തോടെ ഇപ്പോൾ ഒഴിവു കിട്ടുവാൻ അപേക്ഷിക്കാവുന്നതാണ്. അതിനും Email വഴി ഒഴിവു നൽകുന്നതാണ്. ഈ അപേക്ഷകൾ വയ്ക്കുമ്പോൾ വിവാഹിതരാകുന്നവർക്കു സഭ വിലക്കിയിട്ടുള്ള തടസ്സങ്ങളൊന്നുമില്ലെന്നു ഉറപ്പു വരുത്തേണ്ടതാണ്. Email അയയ്ക്കുവാൻ കക്ഷികൾക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ വികാരിയച്ചന്മാർ തന്നെ അവർക്കു വേണ്ടി നേരിട്ട് ചെയ്യുന്നതായിരിക്കും ഉചിതം.

മാമ്മോദീസ, മരിച്ചവർക്ക് വേണ്ടിയുള്ള ഒപ്പീസ്, ചരമ അനുസ്മരണ തിരുക്കർമ്മങ്ങൾ, ഒറ്റക്കുള്ള ആദ്യകുർബ്ബാന സ്വീകരണം, തിരുന്നാൾ മുതലായവയുടെ കാര്യത്തിൽ അഞ്ചുപേരിൽ കൂടുതൽ പങ്കാളിത്തമുള്ള ഏതൊരു കാര്യത്തിനും കക്ഷികൾ പോലീസിൽനിന്നും കൃത്യമായി അനുവാദം വാങ്ങിയിരിക്കണം. ഈ അഞ്ചുപേരിൽ കാർമ്മികനും ദേവാലയ ശുശ്രൂഷിയും ഉൾകൊള്ളുന്നുണ്ടെന്ന കാര്യം അവരെ ഓർമ്മിപ്പിക്കുമല്ലോ.

പാട്ടുകുർബ്ബാന, ഒറ്റ കുർബ്ബാന, മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്, അന്നിദ തുടങ്ങിയവയ്ക്കുള്ള തിരുക്കർമ്മധർമ്മം ആവശ്യമുള്ളവർ രൂപത പ്രൊകുറേറ്റർ അച്ചനെ കോണ്ടാക്ട് ചെയ്യേണ്ടതാണ്. അനുദിന ആവശ്യങ്ങൾക്ക് വ്യക്തിപരമായി സാമ്പത്തിക ബുദ്ധിമുട്ടുള്ള അച്ചന്മാർ എന്നെ നേരിട്ടു ബന്ധപ്പെടുവാൻ മടികാണിക്കരുത്. കോവിഡ് 19 ന്റെ ലോക്ഡൗൺ പശ്ചാത്തലത്തിൽ രൂപതയിൽ ഇടവകകളിലെ 2019-2020 ലെ വാർഷിക തെരട്ട് സമർപ്പിക്കേണ്ട തിയ്യതികൾ മാറ്റി വച്ചിരിക്കുന്നു. പുനഃക്രമീകരിച്ച സമയക്രമങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഇടവകജനത്തിന്റെ ബുദ്ധിമുട്ടുകളിൽ നമുക്കും ഒന്നുചേർന്നു സഹായിക്കാം. കൊറോണ വൈറസിന്റെ വ്യാപനം നിയന്ത്രിക്കപ്പെടുവാനും, രോഗികൾക്ക് സൗഖ്യം ലഭിക്കുവാനും, സേവനരംഗത്തു പ്രവർത്തിക്കുന്നവർക്ക് സംരക്ഷണം കിട്ടുവാനും നമുക്ക് തുടർന്നും പ്രാർത്ഥിക്കാം. ദൈവജനത്തെ വിശ്വാസത്തിലും, പ്രത്യാശയിലും ഒന്നിച്ചു നിർത്തുവാൻ ഫോണിലൂടെയും, ഓൺലൈനിലൂടെയും, മറ്റു സമ്പർക്ക മാധ്യമങ്ങളിലൂടെയും നമുക്ക് തുടർന്നും പരിശ്രമിക്കാം. ദൈവം നമ്മളെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

രൂപതാഭവനം
26-04-2020

EPARCHIAL CURIA IRINJALAKUDA-680 121
354/20
26/4/20